# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3965 — 24/08/2017-ൽ മറുപടിയ്ക്ക്.

## സമഗ്ര ക്ഷീര വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമഗ്ര ക്ഷീര വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) നടപ്പിലാക്കി വരുന്നുണ്ട്.<br>മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ (എം..എസ്. ഡി.പി) പ്രവർത്തനങ്ങൾക്കായി 2017-2018 സാമ്പത്തിക വർഷത്തിൽ 41.79/- കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം കർഷകർക്ക് താഴെ പറയുന്ന ധനസഹായം നൽകി വരുന്നു. |

| ക്രമ. നം. | പദ്ധതി | ധനസഹായം |
|---|---|---|
| 1. | ഗോദാനം (1 പശു) | 32,000/- |
| 2. | 2 പശു യൂണിറ്റ് | 64,000/- |
| 3. | 5 പശു യൂണിറ്റ് | 1,75,000/- |
| 4. | 10 പശു യൂണിറ്റ് | 3,50,000/- |
| 5. | 5 കിടാരി യൂണിറ്റ് | 90,500/- |
| 6. | 10 കിടാരി യൂണിറ്റ് | 1,81,200/- |
| 7. | അവശ്യാധിഷ്ഠിത ധനസഹായം | 50,000/- |
| 8. | കറവയന്ത്രം | 25,000/- |
| 9. | കാലിതൊഴുത്ത് നിർമ്മാണം | 50,000/- |

സംസ്ഥാനത്തെ അൻപത് ബ്ലോക്കുകളെ ഡെയറി സോണായി തെരഞ്ഞെടുത്ത് അഞ്ച് ഗ്രാമ പഞ്ചായത്തുകളെ ക്ഷീര ഗ്രാമമായി തെരഞ്ഞെടുത്തും സമഗ്ര ക്ഷീര വികസന പദ്ധതികൾ 2017-18 വർഷം നടപ്പിലാക്കുന്നു

| | |
|---|---|
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) മിൽക്ക് ഷെഡ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. |

- കൂടുതൽ കർഷകരെ ക്ഷീരോല്പാദന മേഖല ഒരു തൊഴിലായി സ്വീകരിക്കുന്നതിന് പ്രോൽസാഹിപ്പിക്കുക
- കാലി വളർത്തലിൽ ശാസ്ത്രീയ പരിചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുക
- ക്ഷീരോല്പാദനം ഒരു ഉപജീവനമാർഗ്ഗമായും, സ്വയം തൊഴിലായും ഗ്രാമീണ മേഖലയിലെ യുവജനങ്ങളേയും വനിതകളേയും പ്രേരിപ്പിക്കുക.
- ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രചോദനമായി ഇൻസെന്റീവ് നൽകുക
- കൂടുതൽ കർഷകരെയും സംരംഭകരേയും സ്വയംസഹായ സംഘങ്ങളേയും ക്ഷീരമേഖലയിലേക്ക് കൊണ്ടുവരിക.
- ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോല്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോല്പാദനത്തിലേക്ക് ക്ഷീരകർഷകരെ പ്രാപ്തരാക്കുക
- ഉല്പാദന ക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക
- ഭാവിയിലേക്ക് മെച്ചപ്പെട്ട കന്നുകാലികളെ ഉറപ്പാക്കുന്നതിന് കിടാരി പരിപാലനം പ്രോൽസാഹിപ്പിക്കുക
- ക്ഷീരോല്പാദന മേഖലയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക വത്ക്കരണത്തിനായി സാമ്പത്തിക സഹായം നൽകുക. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനും ഉൽപാദനക്ഷമതയ്ക്കും ഉതകുന്ന രീതിയിലുള്ള കന്നുകാലി ഷെഡ്ഡുകളുടെ നിർമ്മാണം

- കറവയന്ത്രങ്ങൾക്കുള്ള ധനസഹായം.
- ആധുനിക സാങ്കേതിക വിദ്യകൾ ക്ഷീര കർഷകർക്ക് പകർന്നു നൽകുന്നതിന് വനിതാ കന്നുകാലി ക്ഷേമ പ്രവർത്തകരെ നിയോഗിക്കുക.

ഉപഭോക്താക്കൾക്ക് ഗുണമേന്മയും സുരക്ഷിതവുമായ പാൽ ഉറപ്പാക്കുക

(സി) എത്ര ഡയറി സോണുകളിലും ക്ഷീര ഗ്രാമങ്ങളിലുമാണ് പദ്ധതി നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(സി) തെരഞ്ഞെടുത്ത 50 ബ്ലോക്ക് പഞ്ചായത്തുകളെ ഡയറി സോണുകളായും അഞ്ച് ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ അഞ്ച് ഗ്രാപപഞ്ചായത്തുകളിലാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ഡയറി സോൺ രൂപീകരിക്കുവാനായി

തെരഞ്ഞെടുക്കപ്പെട്ട ക്ഷീരവികസന യൂണിറ്റുകൾ ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.

(ഡി) പദ്ധതിയനുസരിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിവരിക്കാമോ?

(ഡി)

| **പ്രോജക്ട്** | **യൂണിറ്റുകളുടെ എണ്ണം** |
|---|---|
| 1. ഗോദാനം | 477 |
| 2. രണ്ട് പശു യൂണിറ്റ് | 675 |
| 3. അഞ്ച് പശു യൂണിറ്റ് | 207 |
| 4. പത്ത് പശു യൂണിറ്റ് | 99 |
| 5. അഞ്ച് കിടാരി യൂണിറ്റ് | 90 |
| 6. പത്ത് കിടാരി യൂണിറ്റ് | 72 |
| 7. ഗോകുലം ഡയറി യൂണിറ്റ് | 54 |
| 8. ധാതു ലവണ മിശ്രിതം | 10512 |
| 9. പുരോഗമന ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധന സഹായം | 675 |
| 10. കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം | 225 |
| 11. ശാസ്ത്രീയമായ തൊഴുത്ത് | 90 |

12.കാലാവസ്ഥ വ്യതിയാനത്തിന് അനുയോജ്യമായ ശാസ്ത്രീയമായ കാലിതൊഴുത്ത് നിർമ്മാണം | 54

13.കറവ പശുക്കളുടെ പാരിസ്ഥിതക സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം | 72

14 .കുറഞ്ഞചെലവിൽ ചാണകം ഉണക്കി വിപണനം ചെയ്യുന്നതിനുള്ള ധനസഹായം. | 54

15. വെർമി കമ്പോസ്റ്റ് നിർമ്മാണം. | 90

16.സൈലേജ് നിർമ്മാണം (ടാങ്ക് സൈലേ) | 90

17. ഗുണഭോക്താക്കൾക്കും വകുപ്പ് ഉദ്യോഗസ്ഥർക്കുമുള്ള പ്രത്യേക പരിശീലന പരിപാടി

18.ഡോക്യുമെന്റേഷൻ, പദ്ധതി നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവയ്ക്കുമുള്ള ഫണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഡയറി സോൺ രൂപീകരിക്കുവാനായി തെരഞ്ഞെടുക്കപ്പെട്ട ക്ഷീരവികസന യൂണിറ്റുകൾ**

| ക്രമ നം | ജില്ല | ഡെയറി സോൺ രൂപീകരിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരവികസന സർവ്വീസ് യൂണിറ്റ് |
|---|---|---|
| 1 | ആലപ്പുഴ | ഭരണിക്കാവ് |
| 2 | ആലപ്പുഴ | മാവേലിക്കര |
| 3 | ആലപ്പുഴ | മുതുകുളം |
| 4 | ആലപ്പുഴ | ചേർത്തല |
| 5 | എറണാകുളം | കുറുവപ്പടി |
| 6 | എറണാകുളം | കോതമംഗലം |
| 7 | എറണാകുളം | മൂവാറ്റുപുഴ |
| 8 | ഇടുക്കി | അടിമാലി |
| 9 | ഇടുക്കി | വാത്തിക്കുടി |
| 10 | ഇടുക്കി | പീരുമേട് |
| 11 | ഇടുക്കി | കട്ടപ്പന |
| 12 | കണ്ണൂർ | തലശ്ശേരി |
| 13 | കണ്ണൂർ | പയ്യന്നൂർ |
| 14 | കണ്ണൂർ | തളിപ്പറമ്പ് |
| 15 | കണ്ണൂർ | ആലക്കോട് |
| 16 | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 17 | കാസർഗോഡ് | നീലേശ്വരം |
| 18 | കാസർഗോഡ് | പരപ്പ |
| 19 | കൊല്ലം | ചാത്തന്നൂർ |
| 20 | കൊല്ലം | ശാസ്താം കോട്ട |
| 21 | കൊല്ലം | ചടയമംഗലം |
| 22 | കൊല്ലം | അഞ്ചൽ |
| 23 | കോട്ടയം | കടുത്തുരുത്തി |
| 24 | കോട്ടയം | വൈക്കം |
| 25 | കോട്ടയം | ഉഴവൂർ |
| 26 | കോഴിക്കോട് | ബാലുശ്ശേരി |
| 27 | കോഴിക്കോട് | കുന്നമംഗലം |
| 28 | കോഴിക്കോട് | കുന്നുമ്മൽ |
| 29 | കോഴിക്കോട് | പുതുപ്പാടി |

| | | |
|---|---|---|
| 30 | കോഴിക്കോട് | തൂണേരി |
| 31 | മലപ്പുറം | വണ്ടൂർ |
| 32 | മലപ്പുറം | നിലമ്പൂർ |
| 33 | പാലക്കാട് | പട്ടാമ്പി |
| 34 | പാലക്കാട് | മലമ്പുഴ |
| 35 | പാലക്കാട് | ചിറ്റൂർ |
| 36 | പാലക്കാട് | കൊല്ലങ്കോട് |
| 37 | പത്തനംതിട്ട | അടൂർ |
| 38 | പത്തനംതിട്ട | മല്ലപ്പള്ളി |
| 39 | പത്തനംതിട്ട | റാന്നി |
| 40 | തിരുവനന്തപുരം | ചിറയിൻ കീഴ് |
| 41 | തിരുവനന്തപുരം | അതിയന്നൂർ |
| 42 | തിരുവനന്തപുരം | പാറശ്ശേരി |
| 43 | തിരുവനന്തപുരം | പെരുങ്കടവിള |
| 44 | തിരുവനന്തപുരം | നെടുമങ്ങാട് |
| 45 | തൃശ്ശൂർ | ചാലക്കുടി |
| 46 | തൃശ്ശൂർ | കൊടകര |
| 47 | തൃശ്ശൂർ | ഒല്ലൂക്കര |
| 48 | തൃശ്ശൂർ | പഴയന്നൂർ |
| 49 | വയനാട് | കല്പറ്റ |
| 50 | വയനാട് | മാനന്തവാടി |

സെക്ഷൻ ഓഫീസർ.